റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഒരു L. C. T. യിൽ കൊണ്ടുപോയി കൊടുക്കാവുന്നിടത്തോളം വെള്ളം കൊണ്ടുപോയി കൊടുക്കുന്നുണ്ട്. വേണ്ടിടത്തോളം വെള്ളം എല്ലാ സ്ഥലത്തും എത്തിക്കാൻ ഇപ്പോൾ സാദ്ധ്യമല്ല. അടുത്ത വേനൽക്കാലത്തു വെള്ളത്തിനു ക്ഷാമം നേരിടുന്നതിനുമുമ്പ് ഇതിനെക്കുറിച്ച് ആലോചിച്ചു വേണ്ടതുചെയ്യാം. അല്ലാതെ ഇപ്പോൾ അതിനു ശരിയായ മറുപടി പറയാൻ വിഷമമാണ്.

മിസ്റ്റർ എം. ഐ. പോൾ: എന്താണ് വിഷമം?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇപ്പോൾ രാവിലെമുതൽ വൈകുന്നേരംവരെ കൊണ്ടുപോകുന്ന വെള്ളം മറ്റു സ്ഥലങ്ങളിലേയ്ക്കുകൂടി കൊടുക്കാൻ തികയുകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: വേനൽകാലത്തേക്കെങ്കിലും വെള്ളം കൊടുക്കാൻതക്കവിധം അതിനുമുമ്പു വേറെ L. C. T. കിട്ടുമോ എന്നും മറ്റുമുള്ള കാര്യങ്ങളും അന്വേഷിക്കരുതെ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ എം. ഐ. പോൾ: ആ പ്രദേശങ്ങളിൽ മുഴുവനും വേണ്ടത്രവെള്ളം കൊടുക്കണമെന്നുണ്ടെങ്കിൽ അതിനു വെള്ളത്തിന്റെ കുറവ് ഇല്ലല്ലൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ആ പ്രദേശം മുഴുവൻ വെള്ളം കൊടുക്കണമെങ്കിൽ വെള്ളത്തിന്റെ കുറവുണ്ടാകും. അതിനെക്കുറിച്ചും ആലോചിക്കേണ്ടതാണ്.

മിസ്റ്റർ എം. ഐ. പോൾ: ഈ വക സ്ഥലങ്ങളിൽ വരുന്നകൊല്ലംമുതലെങ്കിലും ശുദ്ധജലം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ ദയവുണ്ടാകുമൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ദയവില്ലാത്തതുകൊണ്ടല്ല; പ്രായോഗിക വിഷമതകംകൊണ്ടാണ് സാധിക്കാത്തത്. ഏതായാലും അതിനെക്കുറിച്ചാലോചിക്കുന്നതാണ്.

SUB-TREASURY—INSTALLATION OF

205. ചെയർമാൻ ജി. എസ്സ്. ധാരാസിങ്ങ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം മറുപടി പറയുമൊ.—

മട്ടാഞ്ചേരിയിൽ ഒരു സബ്ട്രഷറി സ്ഥാപിച്ചുതരണമെന്നു കാണിച്ച് ഏതെങ്കിലും അപേക്ഷയോ മറ്റൊ ഗവർമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ചു ഗവർമ്മെണ്ടു് എന്തുചെയ്തു?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ട്. ഈ സംഗതിയെപ്പറ്റി ഗവർമ്മെണ്ടു് ആലോചിച്ചു് ഉടനെ തീരുമാനം ചെയ്യുന്നതാണ്.

ARTICAL IN THE "DEENABANDHU" DATED 18TH JUNE 1947

206. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടിപറയുമോ.—

ജൂൺ 18 ജൂൺ 1947-ാംനു-യിലെ ദീനബന്ധുവിൽ "ഗവർമ്മെണ്ടു മറുപടി പറയണം" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഉപമുഖപ്രസംഗം ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഉവ്വ്.

മിസ്റ്റർ കെ. എ. രാഘവൻ: അതിന്റെ ഉള്ളടക്കം എന്തായിരുന്നു എന്നു പറയുമൊ?

റാവു സാഹിബ്ബ് എ. മാധവപ്രഭു: അതു് നെല്ലായി ഉപതിരഞ്ഞെടുപ്പിനെ സംബന്ധിച്ചുണ്ടായിട്ടുള്ള കുറെ ആക്ഷേപങ്ങളെ സംബന്ധിച്ചതായിരുന്നു. തിരഞ്ഞെടുപ്പിൽ മന്ത്രിമാർ പങ്കെടുത്തു; ഉദ്യോഗസ്ഥന്മാർ മന്ത്രിമാരെ സഹായിക്കാനായി പങ്കെടുത്തു എന്നൊക്കെ ആക്ഷേപമുണ്ട്. അതു ശരിയല്ലെങ്കിൽ ഗവർമ്മെണ്ടിൽനിന്നു അതിനെ പ്രതിഷേധിക്കേണ്ടതാണ് എന്നു ഗവർമ്മെണ്ടിനോടു ആവശ്യപ്പെടുന്ന ഒരു മുഖപ്രസംഗമായിരുന്നുഅതു്.

മിസ്റ്റർ ജോസ് കെ. വട്ടശ്ശ്ശ്: അപ്പോൾ അതു ശരിയാണൊ, തെറ്റാണൊ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: തെറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ പങ്കെടുത്തുവെന്നുള്ളതല്ലേ ആക്ഷേപം? അതു് അന്വേഷിച്ചുവോ?

റാവുസാഹിബ്ബു് എ. മാധവപ്രഭു: അന്വേഷിച്ചു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്നിട്ടു് എന്തായിരുന്നു് അതിന്റെ ഫലം?

റാവുസാഹിബ്ബു് എ. മാധവപ്രഭു: ആക്ഷേപം തെറ്റായിരുന്നു. അവനവന്റെ വോട്ട് അവക്കിഷ്ടമുള്ളവക്കു കൊടുത്തുവെന്നുള്ളതല്ലാതെ കൂടുതലായൊന്നും ഉണ്ടായിട്ടില്ല.

മിസ്റ്റർ കെ. എ. രാഘവൻ: "ഗവമ്മെണ്ടു മറുപടി പറയണം" എന്നു പറഞ്ഞ മുഖ പ്രസംഗത്തിനു ഗവമ്മെണ്ടു മറുപടി പറഞ്ഞിട്ടുണ്ടോ?

റാവുസാഹിബ്ബു് എ. മാധവപ്രഭു: അങ്ങിനെ മറുപടി പറഞ്ഞാൽ മാത്രം മതിയൊ, വേറെവല്ലതും ചെയ്യണൊ, എന്താവേണ്ടതെന്നാലോചനയിലിരിക്കുകയാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: രണ്ടുമാസമായിട്ടും സർക്കാരുദ്യോഗസ്ഥന്മാർ ഏല കഷനിൽ പങ്കെടുത്തുവെന്ന ആക്ഷേപം ആലോചനയിലിരിക്കുന്നേയുള്ളൊ?

റാവുസാഹിബ്ബു് എ. മാധവപ്രഭു: അല്ല, അതിനെക്കുറിച്ചുനേഷണം നടത്തിയതിൽ അങ്ങിനെ സർക്കാരുദ്യോഗസ്ഥന്മാർ പങ്കെടുത്തുവെന്ന ആക്ഷേപം തെറ്റാണു് എന്നു മനസ്സിലായി. ഇല്ലാത്തകാര്യം പറഞ്ഞു ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കിയതിനു നടപടി എടുക്കണൊ എന്നകാര്യം ആലോചനയിലിരിക്കുന്നു വെന്നാണു പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്താണാലോചന? അതായതു്, അവാസ്തവപ്രസ്താവനകളാണെന്നു ഗവമ്മെണ്ടു കണ്ടുപിടിച്ചു. അവ പ്രസിദ്ധപ്പെടുത്തിയതിനു രണ്ടു പത്രങ്ങളുടെമേൽ എടുത്ത നടപടിപോലെയുള്ള നടപടിനടത്താനാണൊ, തിരഞ്ഞെടുപ്പിൽ ഗവമ്മെൻറുദ്യോഗസ്ഥന്മാർ പങ്കെടുത്തുവെന്നു പറഞ്ഞതു തെറ്റാണെന്നു കണ്ടുപിടിച്ചു് അവ പ്രസിദ്ധപ്പെടുത്തിയതിനു ആപത്രങ്ങളുടെപേരിൽ ആലോചിക്കുന്നതു?

റാവുസാഹിബ്ബു് എ. മാധവപ്രഭു: ഇന്നതാണു ആലോചന എന്നിപ്പോൾ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ആ വിഷയത്തിൽ നിങ്ങളുടെയന്വേഷണം തിരിയിന്നുണ്ടൊ?

റാവുസാഹിബ്ബു് എ. മാധവപ്രഭു: ഏതുവിഷയത്തിൽ?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ എലക്ഷനെ സംബന്ധിച്ചു് അവാസ്തവപ്രസ്താവനകൾ പുറപ്പെടുവിച്ച പത്രത്തിന്റെ പേരിൽ, ഇതിനുമുമ്പു അവാസ്തവപ്രസ്താവനകൾ പുറപ്പെടുവിച്ചതിനു് ആ പത്രങ്ങളുടെപേരിൽ എടുത്ത നടപടിതന്നെയാണൊ എടുക്കാൻ പോകുന്നതെന്നാണു ചോദിക്കുന്നതു്.

റാവുസാഹിബ്ബു് എ. മാധവപ്രഭു: ആ നിലതന്നെ എടുക്കണമെന്നില്ല. എന്താണുവേണ്ടതെന്ന കാര്യം ആലോചനയിലിരിക്കുകയാണു്.

Mr. Puthur Achutha Menon *(Kattur)*: I want to put some questions from this side also, Sir. As pointed out by my Hon'ble friend the previous day we are not catching the eyes of the Chair.

Mr. President: I have got only two eyes. That is the difficulty. Yes, you may put the questions.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: സർ, ആ ലേഖനത്തിൽ നെല്ലായി നിയോജകമണ്ഡലത്തിൽ സ്ഥാനാർത്ഥിആയിരുന്ന മിനിസ്റ്റർ മിസ്റ്റർ ഈയ്യണ്ണിയുടെ കീഴിലുള്ള ആഗ്രികൾച്ചറൽ ഡയറക്ടർ ബാലറാപ്പെട്ടി തുറന്നുവെന്ന ആരോപണമുണ്ടായിരുന്നില്ലെ?

റാവുസാഹിബ്ബു് എ. മാധവപ്രഭു: ഉണ്ടെന്നാണു തോന്നുന്നതു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അതിനെക്കുറിച്ചു അന്വേഷിച്ചിട്ടുണ്ടൊ?

റാവുസാഹിബ്ബു് എ. മാധവപ്രഭു: ഉണ്ടു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അതിനെകുറിച്ചു് ഒരു വിശദീകരണം നൽകാമൊ?

റാവുസാഹിബ്ബു് എ. മാധവപ്രഭു: അതിനെകുറിച്ചു് ആലോചന നടക്കുകയാണു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഇത്ര കർശനമായ ആരോപണങ്ങൾ ചെയ്തതിനു തക്കതായ നടപടി നടത്തുമൊ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ദിവാൻജി വോട്ടപിടിക്കുന്നതിനു ശ്രമിച്ചുവെന്ന പുറമെ പ്രചാരംനടത്തുന്നുണ്ടെന്നുള്ളതറിയാമൊ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: പുറമെ പറഞ്ഞുകേട്ടു. അതിൽ കൂടുതൽ എനിക്കറിഞ്ഞുകൂടാ and that paper in which the allegation against the Diwan having gone there is not here. But that is not the subject matter of this.

മിസ്റ്റർ കെ. എ. രാഘവൻ: നമ്മുടെ രാജ്യത്തിൽ അരക്ഷിതാവസ്ഥയും അരാജകത്വവുമുണ്ടാക്കാൻ ദിവാൻജി പരോക്ഷമായി ശ്രമിച്ചുവെന്ന ആരോപണം അതിലില്ലെ?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: I am sorry, I cannot understand you. Will you please put it in a more simpler form?

മിസ്റ്റർ കെ. എ. രാഘവൻ: കൊച്ചിയിൽ ഒരു രാജാവില്ലാത്ത അവസ്ഥയും, ജനങ്ങൾക്കു യാതൊരു രക്ഷയുമില്ലാത്ത അവസ്ഥയുമുണ്ടാക്കാൻ ദിവാൻജി Indirect ആയിട്ട് പരിശ്രമിച്ചുവെന്ന ആരോപണമുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, 'അരാജകത്വം' എന്നു പറഞ്ഞാൽ രാജാവില്ലാത്ത അവസ്ഥ എന്നല്ല അതിന്റെ അർത്ഥം Political confusion എന്നാണർത്ഥം.

മിസ്റ്റർ കെ. എ. രാഘവൻ: പക്ഷെ, സാധാരണ ജനങ്ങൾ അരാജകത്വം എന്നു പറഞ്ഞാൽ രാജാവില്ലാത്ത അവസ്ഥ എന്നാണ് അർത്ഥംധരിക്കുക. അങ്ങിനെ ഒരാരോപണം ആ ലേഖനത്തിലുണ്ടോ എന്നാണു ചോദിക്കുന്നതു.

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാർ പിടിച്ചെടുത്തുവെന്ന ആരോപണം അതിലുണ്ടെന്നും അതിനെക്കുറിച്ചുനേഷിച്ചുതിൽ അങ്ങിനെ ഉണ്ടായിട്ടില്ലെന്നതെളിഞ്ഞുവെന്നും പറഞ്ഞു. ആ സ്ഥിതിക്കു് ആ ഗവൺമെണ്ടുദ്യോഗസ്ഥന്മാരുടെ രക്ഷയ്ക്കുവേണ്ടി എന്തുകൊണ്ടു് അതിനുമേൽ നടപടി എടുത്തില്ല?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അതാണു പറഞ്ഞതു്. എന്തുനടപടിയാണെടുക്കേണ്ടതെന്നതിനെകുറിച്ചാലോചിക്കുന്നതേയുള്ളുവെന്നു്.

BREAK-DOWN OF CAR No. 14 (STATE CAR)

207. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state.—

(*a*) did Car No. 14 (State Car) breake-down in one of the villages of the Nellayi constituency subsequent to the filing of nomination paper for election by Mr. C. R. Iyyunni;

(*b*) was the Minister for Public Works in the car when it broke down (Axle broken);

(*c*) in what connection was the car at the place when it broke down?

Mr. K. S. Raghavan *(Secretary to Government)*:

(*a*) Yes.

(*b*) Yes.

(*c*) The car was proceeding from Ernakulam to Cherpu.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: In the light of what the Hon'ble Minster explained to this House on another occasion I do not want to put the question.

CRIMINAL JURISDICTION OVER COCHIN STATE RAILWAY

208. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു ദയവായി മറുപടിപറയുമോ.—

(എ) കൊച്ചിൻ സ്റ്റേറ്റ് റെയിൽവെയുടെ അധീനത്തിലുള്ള പ്രദേശങ്ങളുടെമേൽ ക്രിമിനൽ അധികാരം ആർക്കാണു്;

(ബി) ആ അധികാരം കൊച്ചിക്കു കൈമാറി കിട്ടുവാൻ വല്ല നടപടിയും കൊച്ചി ഗവൺമെണ്ടു് എടുത്തിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly